# നന്മകൾ പൂക്കുന്നിടം

# DIGITAL MAGAZINE

## 2019-20

## ജോർജിയൻ ലിറ്റിൽകൈറ്റ്സ്

## സെന്റ് ജോർജ് എച്ച് എസ് എസ് കട്ടപ്പന




Ο ΑΓΙΟΣ
ΓΕΩΡΓΙΟΣ

# Our Management









# Our Headmaster



*The talents of young minds in the technological world has to be properly tapped. The government endeavors to give the right opportunity for the young ones to bring out their talents through 'Little Kites' is commendable. I am happy to extend my support for the fulfillment of the young minds to bring out a magazine of their own.*

# Our guiding star



ആശംസകൾ .......

അഭിനന്ദനങ്ങൾ...................

**സ്കൂളിന്റെ അറുപതാംപിറന്നാളിൽ**

**അണിയിച്ചൊരുക്കുന്ന ഈ**

**മാഗസിന്**

**മംഗളങ്ങൾ**

"അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ"

കുമാരനാശൻ



കഴിഞ്ഞ രണ്ടു വർഷങ്ങളിലും

പേമാരി പ്രളയമായി പെയ്തിറങ്ങി

പ്രകൃതി

സംഹാരതാണ്ഡവമാടിയപ്പോൾ

ജീവനും സ്വത്തും സകലതും

നഷ്ടപ്പെട്ട

സഹോദരങ്ങൾക്കും ..........

സ്വന്തം ജീവൻ പോലും

നഷ്ടപ്പെടുമെന്ന ബോധം ഉണ്ടായിട്ടും

അനേകം ജീവനുകൾ രക്ഷിക്കാൻ കഠിനമായി പരിശ്രമിക്കുകയും

ഇടയ്ക്കെപ്പോഴോ ജീവൻ നഷ്ടമാക്കുകയും ചെയ്ത

പ്രിയ സഹോദരങ്ങൾക്കായി .....

സമർപ്പിക്കുന്നു .....

# Table of Contents

CONTENTS....................1
ആമുഖം....................2
എഡിറ്റോറിയൽ....................5
അറുപതിന്റെ നിറവിൽ....................6
Only better people can transform society....................10
എനിക്കേറ്റവും പ്രിയപ്പെട്ട വ്യക്തിത്വം....................13
മഴ തൻ കൗശലം....................16
കലോത്സവ വേദിയിലൂടെ....................17
പാടാത്ത വയലിനും പാട്ടും....................20
BOOKS....................21
സുന്ദരി പശുവും മാൻകുട്ടിയും....................22
CORRUPTION....................23
HALF KNOWLEDGE IS WORSE THAN IGNORANCE....................24
FORGETTING: STORY....................25
*SOCIAL SERVICE AND STUDENTS*....................26
ആഘോഷങ്ങളിലൂടെ....................28

## ആമുഖം

വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ലോകമെമ്പാടുമുള്ള കോടാനുകോടി ജനങ്ങൾ പ്രയോജനപ്പെടുത്തി അനസ്യൂതം പുരോഗതിയിലേക്ക് കുതിക്കുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ പൊതുവിദ്യാലയങ്ങളിലും അതിന്റെ അലയൊലികൾ നമുക്ക് കാണാൻ സാധിക്കും. സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ഉള്ളവരും ഗ്രാമീണമേഖലയിൽ കഴിയുന്നവരുമായ കുട്ടികൾക്ക് വിവരസാങ്കേതികവിദ്യ അപ്രാപ്യമല്ലാതായിരിക്കുന്നു . ഒട്ടു മിക്ക വിദ്യാലയങ്ങളിലും ഹൈടെക് ക്ലാസ് മുറികൾ സജ്ജമായി. നമ്മുടെ വിദ്യാലയം ആകട്ടെ ഇക്കാര്യത്തിൽ അഭിനന്ദനാർഹമായ നേട്ടം കൈവരിച്ചിരിക്കുന്നു. മുഴുവൻ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികൾ ആയി മാറിയിരിക്കുന്നു. ഇത്തരം ക്ലാസുകളുടെ പരിപാലനം, സജ്ജീകരണം മറ്റ് ഐടി അധിഷ്ഠിത പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്നപേരിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികളുടെ കൂട്ടായ്മ രണ്ടാംവർഷത്തിൽ ഒട്ടനവധി പ്രവർത്തനവുമായി മുൻപോട്ടു പോകുന്നു. ഇവരുടെ ഏറ്റവും പുതിയ സംരംഭമാണ് ഡിജിറ്റൽ മാഗസിൻ.


രാജ്യത്തിന് മാതൃകയായി സംസ്ഥാനത്തെ വിദ്യാലയങ്ങൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഹൈടെക് ആകുമ്പോൾ പുതുതലമുറയുടെ വിവരസാങ്കേതികവിദ്യ യോടുള്ള ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനും ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളുടെ വിവര സാങ്കേതിക പരിജ്ഞാനവും ഫലപ്രദമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു സംഘം വിദ്യാർത്ഥികളെ കലാലയങ്ങളിൽ തന്നെ സജ്ജമാക്കുന്നതിനായി ആരംഭിച്ച ലിറ്റിൽ

കൈറ്റ്സ് പദ്ധതി 2018 ജനുവരി 22ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.
മാനുഷികമൂല്യങ്ങളോടൊപ്പം സാങ്കേതിക വിദ്യയിലും മികച്ച നിലവാരം പുലർത്തുന്ന ഒരു തലമുറയെ വളർത്തിയെടുക്കുന്നതിന് പ്രവർത്തനമാരംഭിച്ച ഈ സംരഭത്തിൽ കട്ടപ്പന സെൻറ് ജോർജ്ജ്ഹയർസെക്കൻഡറി സ്കൂളിൽ നിന്നും 8 ,9, 10 ക്ലാസുകളിൽ നിന്നായി 120 കുട്ടികൾ പരിശീലനം നേടുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം. വിവരസാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകി ഓരോ കുട്ടിക്കും അനുയോജ്യമായ മേഖലയോട് താൽപ്പര്യം ജനിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനായി വിവിധ വിഷയമേഖലകളിൽ പ്രായോഗിക പരിശീലനം നൽകി വരുന്നു.

കുത്തക സോഫ്റ്റ്‌വെയറുകളോട് കിടപിടിക്കത്തക്ക വിധത്തിലുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉൾപ്പെടുത്തിക്കൊണ്ട് ഗ്രാഫിക് , അനിമേഷൻ എന്നിവയും യുക്തിചിന്തയും പ്രോഗ്രാമിംഗ് അഭിരുചിയും വളർത്തുന്നതിന് വിഷ്വൽ പ്രോഗ്രാമിങ് ഭാഷയായ സ്ക്രാച്ച് പ്രോഗ്രാമിംഗ്, ഹൈടെക് യുഗത്തിൽ ജീവിക്കുന്ന കുട്ടികൾക്ക് ഏറെ താല്പര്യമുള്ള മൊബൈൽ ആപ്പ് നിർമ്മാണം, ഭാഷാ കമ്പ്യൂട്ടിംഗ് സങ്കേതങ്ങൾ, ഇൻറർനെറ്റ് സുരക്ഷ, പൈത്തൺ പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ്‌വെയർ മുതലായ വിവിധ മേഖലകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പരിശീലനങ്ങൾ മുന്നോട്ട് പോകുന്നു.
യൂണിറ്റ് തലം, സബ്ജില്ല, ജില്ല ,സംസ്ഥാന തലം എന്നിങ്ങനെ സംഘടിപ്പിക്കുന്ന ക്യാമ്പുകളിലായി തുടരുന്ന ഉയർന്ന പരിശീലനങ്ങൾ ഈ പ്രവർത്തന പദ്ധതിയുടെ മാറ്റുകൂട്ടുന്നു. കുട്ടികൾക്കായി നടത്തിയ ക്യാമറ പരിശീലനത്തിലൂടെ മികച്ച അവതാരകരെയും റിപ്പോർട്ടർമാരെയും വീഡിയോഗ്രാഫർമാരെയും സൃഷ്ടിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് .സ്കൂളിലെ പ്രവർത്തനങ്ങളുടെ ഡോക്യുമെൻ്റേഷൻ നമ്മുടെ കൊച്ചു കൂട്ടുകാർ ഏറ്റെടുത്തിരിക്കുകയാണ് .

അതിനവരെ പ്രാപ്തരാക്കാൻ ഉള്ള പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് അവർതന്നെ തയ്യാറാക്കുന്ന മാഗസിൻ. മുന്നോട്ടുള്ള യാത്രയിൽ ഇതൊരു പൊൻതൂവൽ തന്നെയാണ്. ഈ കൊച്ച് പട്ടങ്ങൾ കൂടുതൽ ഉയരങ്ങളിലേക്ക് പറക്കട്ടെ
അതിന്റെ ഭാഗമായി മാറാൻ കഴിഞ്ഞ ചാരിതാർത്ഥ്യത്തോടെ.......

സി. ലിസാ മാത്യു
ജെലിൻ ജോസഫ്



## എഡിറ്റോറിയൽ

ലോകമെങ്ങും സ്മാർട്ട്ഫോണും റോബോട്ടിക്സും ആളിപടരുന്നതോടൊപ്പം ഇന്ത്യൻ ഐടി മേഖല സൈബർസ്പേസ് വിപ്ലവത്തിലേക്ക് കടന്നു കൊണ്ടിരിക്കുന്നു. ദൈനംദിനം പല ആപ്പുകളും പിറവിയെടുക്കുന്നു. ഏതുതരം വിജ്ഞാനവും എവിടെനിന്നും എവിടേക്കും പ്രകാശവേഗത്തിൽ കൊണ്ടുപോകുവാൻ സാധ്യമായ ഈ യുഗത്തിൽ അവയെ പ്രയോജനപ്പെടുത്തി സ്വന്തമായ വ്യക്തിമുദ്ര പതിപ്പിക്കുവാനുള്ള ഒരു അവസരമാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ഈ മാഗസിൻ തയ്യാറാക്കുന്നതിലൂടെ കൈവന്നിരിക്കുന്നത്. എല്ലാ മനുഷ്യരും വ്യത്യസ്ത സർഗവാസനകളോടെയാണ് ഈ ഭൂമിയിൽ പിറന്നു വീഴുന്നത്. ചിലർ അതിനെ പരിപോഷിപ്പിക്കുന്നു. അതിനെ പരിപോഷിപ്പിക്കാൻ ഉള്ള ഒരു കാൽവെയ്പ്പാണ് ശാസ്ത്ര കുതുകികളായ ഞങ്ങൾ ഇതിലൂടെ നടത്തുന്നത്. വിദ്യാർത്ഥികളായ ഞങ്ങൾക്ക് ഈ ക്ലബ് നൽകുന്ന അവസരങ്ങൾ വളരെ വലുതാണ്. സ്ക്രാച്ചും, ആനിമേഷനും എല്ലാം ഞങ്ങളിലെ സർഗ്ഗാത്മകതയെ, സാഹിത്യാഭിരുചിയെ വളർത്തിയെടുക്കാൻ സഹായിക്കുന്നു. മണ്ണിനോടും ജീവിതത്തോടും ബന്ധപ്പെട്ട രചനകൾ സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിങ്ങളിൽ എത്തിക്കാനുള്ള ഒരു എളിയ ശ്രമമാണിത്.......... സ്വീകരിച്ച് അനുഗ്രഹിക്കണമെ....................

**ലിറ്റിൽ കൈറ്റ്സ് 2019-21**

# അറുപതിന്റെ നിറവിൽ

പ്രകൃതിരമണീയമായ ഇടുക്കി ജില്ലയുടെ തിലകക്കുറിയായി പരിലസിക്കുന്ന കട്ടപ്പനയിൽ സ്ഥിതി ചെയ്യുന്ന ഒരു എയിഡഡ് സ്കൂളാണ് കട്ടപ്പന സെന്റ് ജോർജ്ജ് ഹയർ സെക്കന്ററി സ്കൂൾ.



രണ്ടാം ലോക മഹായുദ്ധാമന്തരമുണ്ടായ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിന് 'ഗ്രോ മോർ ഫുഡ് 'പദ്ധതിയിൽ ഭക്ഷ്യവിളകൾ ഉത്പാദിപ്പിക്കുന്നതിന് ഒരു കുടുംബത്തിന് അഞ്ച് എക്കർ വനഭൂമി വീതിച്ചു കൊടുക്കുന്നതിന് സർക്കാർ തീരുമാനിച്ചു. ഇതനുസരിച്ച് 1950-കളിൽ കട്ടപ്പനയിൽ കുടിയേറ്റം ആരംഭിച്ചു. അവരുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി വെരി. റവ.ഫാ. അലക്സാൻഡർ വയലുങ്കൽ 1959-ൽ ഒരു യു.പി സ്കൂൾ ആരംഭിച്ചു. ശ്രീ റ്റി.എ തോമസ് ആയിരുന്നു ആദ്യ ഹെഡ് മാസ്റ്റർ. പിന്നീട് 1962-ൽ ഹൈസ്കൂളായും, 1998-ൽ ഹയർ സെക്കൻഡറിയായും ഉയർത്തപ്പെട്ടു



അഞ്ച് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. യു.പി സ്കൂളിൽ 10 ക്ലാസ് മുറികളും ഹൈസ്കൂളിൽ 22 സ്മാർട്ട് ക്ലാസ് മുറികളും

ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 10 സ്മാർട്ട് ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.



ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം മുപ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.യു,പി വിഭാഗത്തിനായി ഒരു ലാബ് പ്രവർത്തിക്കുന്നു.



കത്തോലിക്ക സഭയുടെ കാഞ്ഞിരപ്പള്ളി രൂപതയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിന്റെ കോർപ്പറേറ്റ് മാനേജർ റവ. ഫാ. സക്കറിയാസ് ഇല്ലിക്കമുറി ആണ്. റവ.ഫാ. ജേക്കബ് ചാത്തനാട്ട് ലോക്കൽ മാനേജറും ഹൈസ്കൂൾ വിഭാഗത്തിന്റെ പ്രഥമാധ്യാപകൻ ശ്രീ ഡൊമിനിക് ജേക്കബും, ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ പ്രിൻസിപ്പാൾ ശ്രീ ജീമോൻ സാറുമാണ്.




ഈ അധ്യയനവർഷവും ക്ലാസ്സുകൾ ജൂൺ ഒന്നാം തീയതി പ്രവേശനോത്സവത്തോടെ ആരംഭിച്ചു.

2019 മാർച്ചിൽ നടന്ന എസ് എസ് എൽ സി പരീക്ഷയിൽ 98 ശതമാനം റിസൾട്ടോടെ നമ്മുടെ സ്കൂൾ അഭിമാനാർഹമായ നേട്ടം കൈവരിച്ചു. 16 കുട്ടികൾക്ക് എല്ലാ വിഷയത്തിലും എ പ്ലസ് ലഭിച്ചു.

ജൂൺ 19 വായനാദിനത്തിൽ സ്കൂൾ ലൈബ്രറിയുടെയും വിദ്യാരംഗം കലാസാഹിത്യവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ ഒരാഴ്ച നീണ്ടുനിന്ന വായനവാരാഘോഷവും പ്രശസ്ത പുസ്തകങ്ങളുടെ പ്രകാശനവും നടത്തി.




വായനാദിനത്തോടനുബന്ധിച്ച് സന്ദേശം, അസംബ്ലി, തെരഞ്ഞെടുത്ത പുസ്തകത്തിനുള്ള വായന, കവിതാപാരായണം തുടങ്ങിയവ നടത്തി. വായനയുടെ പ്രാധാന്യത്തെ കുറിച്ച് സന്ദേശം നൽകി. ക്ലാസുകളിൽ വായനാമൂലകൾ തയ്യാറാക്കി ഓരോ ക്ലാസിലേയ്ക്കും പുസ്തകങ്ങൾ വിതരണം ചെയ്യാൻ തുടങ്ങി. കുട്ടികൾ തങ്ങൾക്കിഷ്ടപ്പെട്ട പുസ്തകങ്ങൾ സ്വന്തമാക്കുവാൻ ഒരാഴ്ച നീണ്ടുനിന്ന പുസ്തകമേളയും സ്കൂളിൽ സംഘടിപ്പിച്ചു.

ഭാരതത്തിന്റെ ഏറ്റവും വലിയ സമ്പത്ത് അതിന്റെ മാനവശേഷി



ആണല്ലോ. ഈ ശക്തി ഫലപ്രദമായി ഉപയോഗിച്ച് സൃഷ്ടിപരതയും ഉൽപാദനക്ഷമതയും വർധിപ്പിച്ചാൽ മാത്രമേ നമ്മുടെ രാജ്യം പുരോഗതിയിലേക്ക് വരുകയുള്ളൂ. ഇങ്ങനെ പുരോഗതിയിലേക്ക് ഉയരാൻ സമൂഹത്തിൽ പ്രയോജനപ്രദമായ



സേവനങ്ങളോ ഉൽപന്ന നിർമ്മിതിയോ പഠിക്കണം. ഇതിനായി നടത്തുന്ന പഠന പ്രവർത്തനമാണ് പ്രവർത്തി പഠനം. സ്കൂൾ പ്രവർത്തി പഠനത്തിലൂടെ മാനവശേഷി വികസനം മാത്രമല്ല ലക്ഷ്യമിടുന്നത്. അസംസ്കൃതവസ്തുക്കൾ, ഉപകരണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവുകൾ കുട്ടികൾ നേടുന്നു. മെച്ചപ്പെട്ട തൊഴിൽ

**ചെയ്യുവാനും അതുവഴി മാനസികോല്ലാസം കൈവരിക്കാനും കുട്ടികൾക്കു കഴിയുന്നു. ഇതുവഴി പലവിധത്തിലുള്ള മൂല്യങ്ങളും മനോഭാവങ്ങളും വളരാനും തൊഴിലിനോടും തൊഴിലാളികളോടും ആഭിമുഖ്യം ജനിക്കാനും സാമൂഹിക ബന്ധം മെച്ചപ്പെടാനും സഹകരണ മനോഭാവം വളരാനും ഇടയാവുകയും ചെയ്യുന്നു**



**കൊല്ലത്തു വച്ച് നടന്ന സംസ്ഥാന ജൂണിയർ ജൂഡോ ചാമ്പ്യൻഷിപ്പിൽ 15 വയസിൽ താഴെയുള്ള ആൺകുട്ടികളുടെ 55 kg വെയ്റ്റ് കാറ്റഗറിയിൽ Gold Medel കരസ്ഥമാക്കിയ Albin Siby Class 9 E കൊല്ലത്ത് നടക്കുന്ന സംസ്ഥാന സബ് ജൂണിയർ ജൂഡോ ചാമ്പ്യൻഷിപ്പിൽ സൂപ്പർ താരമായത് കട്ടപ്പനക്കാരൻ ആൽബിൻ സിബി. ജൂഡോയിലെ പ്രധാന ടെക്നിക്കായ ഹിപ് ഓണിൽ വിരുതനാണ് ആൽബിൻ.**

ALEENA SABU

# Only better people can transform society

*Transformations are imperative when the existing system is corrupted and loss its power for progress. During such time the masses look for someone to liberate them from the vitiated system. The main force behind any transformation is people. The important of a society can be achieved only through a mass movement.*





*In India we had social reformers and their works with for reaching impact completely transformed the Indian society. Raja Ram Mohan Roy strived for the abolition of Sati, Iswara Chandra*






*Vidya Sagar for window-remarriage and education of women. Mahatma Gandhi and Baba Ambedkar worked for the upliftment of the people who were considered untouchables.*





*Those people make an example of their own lives, showing the masses the way to progress. Our modern society which condemns atrocities like Sati and child marriage owes a great debt to these reformers. These educated men realised the degradation of their own society and strived to banish backwardness and ignorance from it.*

*People need to change their outlook, their way of thinking and acting for society to change. There can*



*be laws against discrimination on grounds of sex, but if people themselves are not convinced that men and women have equal rights the society can never change. The dowry system cannot be stopped with law when people themselves regard it as integral part of marriage.*

*What we need is a change in the mind set of the people. people should evolve for themselves, their own thinking and code of conduct which is unbiased, practical and progressive. All the ills in society have been caused only by peoples indifference, helplessness or plain selfishness. The process of transformation can begin only when people become unselfish.*



ANNIE CHARLY 9 D



## എനിക്കേറ്റവും പ്രിയപ്പെട്ട വ്യക്തിത്വം

ഒരു മാതൃകാ വ്യക്തി എന്ന നിലയിൽ ആദരിക്കാവുന്ന ഒരാളെ മാത്രമേ എനിക്ക് മഹദ്‌വ്യക്തിയായി പരിഗണിക്കാനാവൂ. അങ്ങനെ കണക്കാക്കുമ്പോൾ മദർ

തെരേസയെക്കാൾ മഹത്വമുള്ള ഒരാളെ കണ്ടെത്താനാവില്ല.

ലോകം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും മഹത്വമുള്ള സാമൂഹ്യപ്രവർത്തകരിൽ ഒരാളാണ് മദർ തെരേസ




അവരുടെ യഥാർത്ഥനാമം ആഗനസ് എന്നാണ്.

ജന്മംകൊണ്ട് അൽബേനിയനും പൗരത്വം കൊണ്ട് ഇന്ത്യനും, ജീവിതംകൊണ്ട് കത്തോലിക്ക സന്യാസിനിയുമാണ് താനെന്ന് മദർ തെരേസ പറയുമായിരുന്നു. മദർ തെരേസയുടെ കീഴിൽ വളർന്ന മിഷണറീസ് ഓഫ് ചാരിറ്റി ഇതര രാജ്യങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചു. ഇപ്പോൾ 133 രാജ്യങ്ങളിലായി ഏതാണ്ട് 4,500 ഓളം സന്യാസിനിമാർ ഈ സംഘടനയുടെ പേരിൽ സന്നദ്ധ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നു. 45

വർഷത്തോളം ലോകത്തിലെ വിവിധയിടങ്ങളിലെ അശരണരുടേയും, രോഗികളുടേയും, അനാഥരുടേയും ആശ്രയകേന്ദ്രമായിരുന്നു മദർ തെരേസ. 1970-കളോടെ ലോകമെങ്ങും അറിയപ്പെടുന്ന സാമൂഹികപ്രവർത്തകയായി അവർ മാറി. മരണ ശേഷം കൊൽക്കത്തയിലെ **വാഴ്ത്തപ്പെട്ട തെരേസ** എന്ന പേരിൽ അവരെ വാഴ്ത്തപ്പെട്ടവളായി ജോൺ പോൾ രണ്ടാമൻ പ്രഖ്യാപിച്ചു.




## മഴ തൻ കൗശലം

*surya gayathri.s*

കറുത്ത കാർമേഘങ്ങളെ സൃഷ്ടിച്ചതാ
അവൻ വരുന്ന പുതുമഴ
ജന്തുജാലസസ്യങ്ങളുടെ
അതരത്തിൽ സന്തോഷത്തിൻ
തളിരില വിടർന്നു

മഴയിതാ ഭൂമിയിൽ പതിച്ചു
മഴതൻ ആഹ്ളാദ നിമിഷത്തിൽ
ആണ്ടു കളിക്കുന്ന
കുഞ്ഞുപൈതങ്ങൾ

മഴകഴിഞ്ഞിതാ എത്തി മാരിവില്ല്
ഏഴഴകിൻ സൗന്ദര്യമാണത്
മാരിവില്ലഴകിന്റെ സൃഷ്ടിയാണ്
കാർമേഘങ്ങൾ. . . . . . . .



## കലോത്സവ വേദിയിലൂടെ

കുട്ടിക്കുരുന്നുകളിൽ കലയുടെ ചിലമ്പൊലി ഉയർത്തി കൊണ്ട് 32-മത് ഇടുക്കി ജില്ല റവന്യൂ കലോത്സവത്തിന്റെ സുന്ദര ദിനങ്ങൾ വന്നെത്തിയിരിക്കുന്നു. ആട്ടം പാട്ടും കൊട്ടുമായി 18 വർഷത്തെ ഇടവേളയ്ക്ക് ശേഷം കലാമാമാങ്കം ഇതാ വീണ്ടും.



അവസരങ്ങൾ ആരെയും വന്നു വിളിക്കില്ല. അതു നാം കണ്ടെത്തുകയാണ് വേണ്ടത്. കുട്ടി പ്രതിഭകൾ മാറ്റുരയ്ക്കുന്ന വേദിയിൽ നിന്നും നാളെയുടെ കലാപ്രതിഭകളെ കണ്ടെത്താൻ നമുക്ക് ലഭിക്കുന്ന അവസരമാണ് ഓരോ കലോത്സവ വേദിയും. ഏതൊരു സമൂഹത്തിൻെറയും സാംസ്കാരിക തനിമ നിലനിർത്തുന്നതിലും വിവിധ കലാരൂപങ്ങൾക്ക് ഉള്ള പങ്ക് വളരെ വലുതാണ്.

അകളങ്കവും സാംസ്കാരിക ബോധവും ഉള്ള ഒരു സമൂഹം വളർത്തിയെടുക്കുവാൻ കലാരൂപങ്ങൾക്ക് കഴിയും .കലയുടെ വസന്ത നാളുകളിൽ ആണ് കേരളത്തിൻെറ സ്കൂൾ കലോത്സവങ്ങൾ. സാംസ്കാരികവും ധാർമ്മികവുമായ ജീവിതത്തിൻെറ അടിത്തറകൾ നമ്മുടെ വിദ്യാലയങ്ങളാണ്.

കലോത്സവം ഉദ്ഘാടനം ചെയ്യുവാനെത്തിയ സംസ്ഥാന വൈദ്യുത വകുപ് മന്ത്രി ശ്രീ എം എം മണി വേദിയുടെ പ്രധാന ആകർഷണമായിരുന്നു.ഒൻപത് വേദികളിലായാണ് മത്സരങ്ങൾ അരങ്ങേറിയത്.ഭാഷയിലും വേഷഭൂഷാദികളിലും വ്യത്യസ്തത പുലർത്തിയ കുട്ടികളായിരുന്നു കലോത്സവ വേദിയ്ക്ക് വർണ്ണപകിട്ട് ഏകിയത് .നാലു ദിവസം നീണ്ടുനിന്ന കലോത്സവത്തിൻെറ ആരവം ചോർന്നു പോകാതെ സൂക്ഷിച്ചത് ട്രോഫി കമ്മിറ്റി, സ്റ്റേജ് കമ്മിറ്റി, റിസപ്ഷൻ കമ്മറ്റി, അച്ചടക്ക സമിതി, വെൽഫയർ കമ്മിറ്റി



പബ്ലിസിറ്റി കമ്മിറ്റി, ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റി തുടങ്ങിയ സംഘടനകളുടെ സമ്പൂർണ്ണ പ്രയത്നത്തിൻെറ ഫലത്താലാണ്.

കലോത്സവ ആരവത്തോടൊപ്പം ഉയർന്ന മറ്റൊരു ആരവം ആയിരുന്നു വിശപ്പ്. ഈ വിശപ്പിന് തണൽ ഏകുവാൻ ഭക്ഷണശാലയും സന്നദ്ധമായിരുന്നു.



ഓണത്തിൻെറ പ്രതീതി ഉയർത്തി കൊണ്ട് പച്ചടി, കിച്ചടി, പായസം മുതലായ രുചിയേറിയ വിഭവങ്ങൾ നിരന്നു.

ആധുനിക ലോകത്തിൻെറ സാന്നിധ്യം ഉയർത്തിക്കൊണ്ട് കുട്ടികളുടെയും അധ്യാപകരുടെയും മേൽനോട്ടത്തിൽ കാൻറീനും പ്രവർത്തന നിരതമായിരുന്നു. സ്വയമേ നിർമ്മിച്ച വിഭവങ്ങൾ കാൻറീനിൽ ഏറെ ആകർഷകമായി. ഐസ്ക്രീം, കട്‌ലറ്റ്, തുടങ്ങിയ ലഘു ഭക്ഷണങ്ങൾ കുട്ടികളെ ആകർഷിക്കുന്നതിന് വഴി ഒരുക്കി. വികാരനിർഭരമായ കലോത്സവ വേദിയിൽ പരാജയത്തിൻെറ കണ്ണീരും നാളെയുടെ പ്രതീക്ഷകളും വിജയ ആരവങ്ങളും മുഴങ്ങി. പതിറ്റാണ്ടുകളുടെ കാത്തിരിപ്പിനുശേഷം കട്ടപ്പനയെ തേടി എത്തിയ കലോത്സവും മലനാട്ടിൻെറ യശ്ശസ്സ് ഉയർത്തി.

MARIYA JOLLY 9 E

# പാടാത്ത വയലിനും പാട്ടും


ഇന്ന് അപ്പുവിന്റെ ജന്മദിനമാണ്. ഒരു സന്തോഷത്തിന്റെ ദിവസം എന്നതിലുപരി താൻ അനാഥമാക്കപ്പെട്ട ദിവസം. ഇന്ന് തനിക്ക് തന്റെ പപ്പയെയും അമ്മയെയും നഷ്ടപെട്ടിട്ട് പത്തു വർഷം പൂർത്തിയായിരിക്കുന്നു.ഇന്നത്തെ ദിവസം അവന് സന്തോഷത്തെക്കാൾ ഉപരി ദുഃഖമാണ് പ്രദാനം ചെയ്യുന്നത്. തന്റെ കുട്ടിക്കാലത്ത് അനാഥനായിത്തീർന്ന ആ പിഞ്ചുകുഞ്ഞിന്റെ അവസ്ഥ ആരെയും വേദനിപ്പിക്കുന്നതാണ്. ഒരു പ്രശസ്ത വയലിനിസ്റ്റായിരുന്നു അവന്റെ അച്ചൻ. അതുകൊണ്ടുതന്നെയാവാം അവനും വയലിനോട് ഒരു പ്രത്യേക ഇഷ്ടമാണ്. എന്നാൽ അച്ഛന്റെ മരണശേഷം അവനു ലഭിച്ച ആ വയലിൻ പിന്നീട് ഒരിക്കലും ഉപയോഗിച്ചിട്ടില്ല. എന്നാൽ ഇന്നെ ദിവസം അതും എടുത്തു കൊണ്ട് മുറ്റത്ത് ഒരേ ഇരിപ്പാണ്. എന്നാൽ ആ ഇരിപ്പിനൊടുവിൽ അവൻ ആ വയലിനിൽ നിന്നും ശ്രുതി ശുദ്ധമായ സംഗീതം പുറപ്പെടുവിച്ചു. ആ സംഗീതത്തിനൊപ്പം അവന്റെ കണ്ണിൽ നിന്നും ധാരധാരയായി കണ്ണുനീരും ഒലിക്കുന്നുണ്ടായിരുന്നു. തന്റെ അച്ഛനെപ്പോലെ തന്നെ തനിക്കും ഒരു വയലിനിസ്റ്റ് ആകണമെന്ന ഒരാഗ്രഹം അവനിൽ ഉണർന്നത് ഇന്നേ ദിവസമാണ്. ഇന്ന് നമ്മുടെ ലോകത്ത് മാതാപിതാക്കൾ നഷ്ടപ്പെട്ട് ജീവിക്കാൻ ഉള്ള മാർഗ്ഗം നഷ്ടപ്പെട്ടവർക്ക് എന്നും ഒരു മാതൃകയാണ് അപ്പുവിന്റെ ജീവിതം.



# BOOKS

Eleanor farjeon

*What worlds of wonder are our books!*
*As one opens them and looks,*
*New ideas and people rise*
*In our fancies and our eyes.*




*The room we sit in melts away*
*And we find ourselves at play*
*With someone who, before the end*
*May become our chosen friend.*

*Or we sail a long the page*
*To some other land or age,*
*here's our body in the chair,*
*But our mind is over there.*

*Each book is a magic box*
*Which with a tough a child unlocks.*
*In between their outside covers*
*Books hold all thinks for their lovers.*

ROSELET JOSEPH 7B


സോഷ്യൽ മീഡിയയുടെ ഉപ
യോഗം കാരണം ബന്ധുജന
ങ്ങളും സുഹൃത്തുക്കളുമായി
ഇടപെടാനുള്ള സമയം നഷ്ടമാ
കുന്നു. ജോലി, പഠനം, മറ്റ്
വിനോദപരിപാടികൾ ഇവയ്ക്ക്
തടസ്സം വരുന്നു.

ANAMIKA ANNA PHILIP

# സുന്ദരി പശുവും മാൻകുട്ടിയും

പണ്ട് പണ്ട് ഒരിടത്ത് അപ്പു എന്നൊരു കുട്ടിക്ക് സുന്ദരിയായ ഒരു പശുവുണ്ടായിരുന്നു. ഒരു ദിവസം പുല്ല് മേഞ്ഞുകൊണ്ടിരുന്നപ്പോൾ അവൾഒരു മാൻക്കുട്ടിയെ കണ്ടു. പല ദിവസം കണ്ടുമുട്ടിയപ്പോൾ അവർ ചങ്ങാതിമാരായി. ഒരിക്കൽ മാൻക്കുട്ടിയോടൊപ്പം സുന്ദരി കാട്ടിലേയ്ക്ക്പോയി. കാടിന്റെ സൗന്ദര്യത്തെപ്പറ്റിയുള്ള മാൻക്കുട്ടിയുടെ വിവരണം അത്രയ്ക്ക് മനോഹരമായിരുന്നു. കാട്ടിലേയ്ക്കിറങ്ങി സൗന്ദര്യം ആസ്വദിക്കവേ പെട്ടെന്ന് എന്തൊ ഭയാനകമായ ഒരു ശബ്ദംകേട്ടു. സുന്ദരി പേടിച്ച് പോയി. മാൻക്കുട്ടി പറഞ്ഞു സുന്ദരി കാട്ടിലെ രാജാവായ സിംഹം വരുന്നുണ്ട് ഓടി രക്ഷപെട്ടുകൊള്ളൂ. അപ്പോൾ സുന്ദരി ചോദിച്ചു കാടിന്റെ സൗന്ദര്യത്തെപ്പറ്റി പറഞ്ഞപ്പോൾ എന്തേനീ പതിയിരുന്ന അപകടങ്ങൾ മറച്ചുവച്ചു. സുന്ദരി വീട്ടിലേയ്ക്ക് ഓടി. പാവം അപ്പു അവിടെ സുന്ദരിയെ കാണാതെ വിഷമിച്ചിരിക്കുകയായിരുന്നു.സുന്ദരിയെ കണ്ടതും അപ്പു ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു.



# CORRUPTION


*Corruption has spread in our society like cancer. Even politics is not free from corruption. We have our sense of duty, morality, honesty and humanity. Greed is the root out this evil only if we can resist the charm of wealth.*

*Plain living and high thinking must be our motto. A rich man may be envied but he is hardly respected. If the society admires the rich, people will grow mad of money. So wealth should not be given any weightage.*

*Serve punishment should be given to the corrupt. Corruption grows mainly because the corrupt can easily escape from the hands of law. Even the law makers have become law – breakers. Delay in official business is another cause of corruption. So the government has to make sure that the any official business is completed within a fixed period of time. This would certainly bring down bribery. Only a change in attitude can wipe out corruption.*

# HALF KNOWLEDGE IS WORSE THAN IGNORANCE

Bertrand Russell's words “Half Knowledge Is More Dangerous Than Ignorance’’is highly relevant in this modern world where we are in the middle of atomic weapons, drugs, and narrow politics. We do not know how to come out of this trap and are yet groping for an opening. Nothing can be more dangerous then self-knowledge of atomic bomb. Drugs intended for medical purposes when misused render millions invalid. Drug abuse is an incurable disease affecting not only the abuser but also his whole family. If we conduct a study on the burning issues faced by world today, we will find that most of the individuals have mistaken nations. But those people firmly believe that they have full of knowledge. It should be man’s constant endeavour to upgrade his knowledge and to comprehend idea more deeply before applying them.



# FORGETTING: STORY

***Once upon a time there was living a poor lady and his son names Sagar. Sagar's father was a farmer. He will also hard-working person.***

***Sagar was an innocent and a robust boy .He was a good runner. He will also participate in all competitions conducting in the school. But his marks are not good .One day he will failed in his terminal examinations and his teacher was very anger with him, his friends made fun of him.***

***It was the day did not forget from his memory. He will participate on a race conducted on the school state sports meet. When he will won the race and selected to the national level. The national level race was conducted on the next month. He will wake up at every morning and practice zealously .On the day arrived. Many students are arrived for the competition .But Sagar was crying loudly. What is your problem child ? His mother was questioned him. Mam my participating card will be lost. I got the participation card yesterday from my school. I forgot my card. I put the card on the dusk . Don't worry my son ,i will go to the school and buy the card from your class teacher',says sagar's mother. When sagar's mother go to the school and buy the participation card from the class teacher and go to the stadium. Sagar participate in the competition and won the game .Our life is our dream when we forget our beautiful and big dreams of life.***



# SOCIAL SERVICE AND STUDENTS

*Man is a social animal. No man can live alone without depending on others. Every human beings leads a social life. The give and take between the individual and the society is an inevitable part of human life. Society provides most of the comforts we enjoy in the life and we in turn are bound to do some work which is useful to the society. Students are part of the society and therefore, they have an important role to play in social service. During their free time they can go to the villages and render some help to the poor villagers. They can clean the roads and public places and teach the villages about the importance of situation.*



*We, the students of SGHSS Kattappana get opportunity to inculcate these qualities of service in our life through different clubs such as NCC, JRC, SCOUT AND GUIDE, LITTLE KITES etc.*







*Service done to man is service done to God. There are so many illiterates in the villages. It is the duty of the students to teach the illiterates. History give us so many examples of great personalities who devoted their lives for the uplift of humanity. We should follow the foot prints of the great humans and severe our suffering fellow beings.*



# ആഘോഷങ്ങളിലൂടെ


















നന്ദിപൂർവ്വം
ജോർജ്ജിയൻസ്
കട്ടപ്പന